भारतीय गैर न्यायिक

एक सौ रुपये

Rs. 100

रु. 100

ONE HUNDRED RUPEES

सत्यमेव जयते

भारत INDIA

INDIA NON JUDICIAL

കേരളം केरल KERALA

BD 980297

*01/08/2016.* രണ്ടായിരത്തി പതിനാറാമാണ്ട് ആഗസ്റ്റ് മാസം ഒന്നാം തീയ്യതി എറണാകുളം ജില്ല കണയന്നൂർ താലൂക്ക് തൃക്കാക്കര വടക്ക് വില്ലേജ് പുതുപ്പള്ളിപ്രം കരയിൽ ഇടപ്പള്ളി.പി.ഒ കൊച്ചി–24 ഗോഡൗൺ റോഡിൽ പുളിക്കപ്പറമ്പിൽ വീട്ടിൽ സൈനുദ്ദീൻ.പി.എം മകൻ 52 വയസ്സുള്ള **ഹമീദ്.പി.എസ്** 1–ാം പാർട്ടിയായും എറണാകുളം ജില്ല ആലുവ താലൂക്ക് ആലുവ വെസ്റ്റ് വില്ലേജ് യു സി കോളേജ്.പി.ഒ തയ്യിൽ മരിയ ഗാർഡനിൽ താമസിക്കും വർഗ്ഗീസ് രാജു മകൻ 39 വയസ്സുള്ള സന്തോഷ് 2–ാം പാർട്ടിയായും പരസ്പരം സമ്മതിച്ചെഴുതിയ വാടകകരാർ.

ഒന്നാം പാർട്ടി ഹമീദ്.പി.എസ്

രണ്ടാം പാർട്ടി സന്തോഷ്

No: 29624 Date: 26.07.16
Value of ₹: 100/-
Sold to: Santhosh
To be linked with
Serial Number from
UC college. PO
aluva.

K. Balachandran
Stamp Vendor
Edappally

DISTRICT STAMP DEPOT
20 JUL 2016
ERNAKULAM

भारतीय गैर न्यायिक

एक सौ रुपये **Rs. 100**

रु. 100 ONE HUNDRED RUPEES

सत्यमेव जयते

भारत INDIA

INDIA NON JUDICIAL

കേരളം केरल KERALA

BD 980298



1-ാം പാർട്ടി വകയും 1-ാം പാർട്ടിയുടെ സ്വന്തം കൈവശത്തിൽ ഇരിക്കുന്നതും കളമശ്ശേരി മുൻസിപ്പാലിറ്റിയിൽ നിന്നും 26/78 എന്നു നമ്പർ ഇട്ടിട്ടുള്ളതായ കെട്ടിടത്തിന്റെ വടക്കു ഭാഗമുള്ള ഒരു മുറി മാത്രം 2-ാം പാർട്ടിക്ക് സാന്റോസ് കിങ്ങ് എന്ന സ്ഥാപനം നടത്തേണ്ട ആവശ്യത്തിലേക്കായി ഇന്നു മുതൽ മാസം ഒന്നുക്ക് 6,000/- രൂപാ വീതം വാടക തരുവാൻ 2-ാം പാർട്ടി സമ്മതിച്ച് ടി കെട്ടിടത്തിന്റെ താക്കോൽ 1-ാം പാർട്ടിയിൽ നിന്നും 2-ാം പാർട്ടി ഏറ്റ് കൈവശം വാങ്ങിയിരിക്കുന്നതിനാൽ ടി കെട്ടിടത്തിൽ ഇന്നു മുതൽ 2-ാം പാർട്ടി പ്രവേശിച്ചും അതിൽ 2-ാം പാർട്ടി സാന്റോസ് കിങ്ങ് എന്ന സ്ഥാപനം നടത്തിയും വാടകയായി ഇന്നു മുതൽ മാസം തോറും ആറായിരം (6,000/-) വീതം എല്ലാ ഇംഗ്ലീഷ്

ഒന്നാം പാർട്ടി ഹമീദ്.പി.എസ്

രണ്ടാം പാർട്ടി സന്തോഷ്

No: 29625 dt. 26.07.16
Value of ₹: 100/-
Sold to: Santhosh
To be linked with
Serial Number from U.C college. P.O
Aluva.

K. Balachandran
Stamp Vendor
Edappally

DISTRICT STAMP DEPOT
20 JUL 2016
ERN

മാസങ്ങളുടേയും പത്താം തീയ്യതിയിൽ 2-ാം പാർട്ടി 1-ാം പാർട്ടിക്കു കൊടുക്കേണ്ടതും ആയതിന് കുടിശ്ശിക വരുത്താൻ പാടില്ലാത്തതും കുടിശ്ശിക വരുത്തിയാൽ കെട്ടിടത്തിൽ നിന്ന് 2-ാംപാർട്ടിയെ ഒഴിപ്പിക്കാൻ 1-ാംപാർട്ടിക്ക് പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതും വാടക കുടിശ്ശിക വരുത്താതെ 2-ാം പാർട്ടി വാടക ഏർപ്പാട് തുടർന്നാൽ ഇന്നു മുതൽ **പതിനൊന്നു മാസം** തികയുന്ന മുറയ്ക്ക് യാതൊരു തർക്കവാദങ്ങളും പറയാതെ തന്നെ 1-ാം പാർട്ടി വക മേൽ നമ്പർ കെട്ടിടം നിലവിലുള്ള കണ്ടീഷനിൽ തന്നെ 2-ാം പാർട്ടി 1-ാം പാർട്ടിക്കു തിരികെ കൈവശം കൊടുക്കേണ്ടതും ആകുന്നു. മേൽ പ്രകാരം ടി കെട്ടിടത്തിൽ 2-ാം പാർട്ടി പ്രവേശിച്ചും അതിൽ 2-ാം പാർട്ടി 2-ാം പാർട്ടിയുടെ ഉത്തരവാദിത്വ ത്തിൽ സാന്റോസ് കിങ്ങ് എന്ന സ്ഥാപനം നടത്താമെന്നല്ലാതെ 1-ാം പാർട്ടിയുടെ കൈവശമിരിപ്പു മറ്റു സ്ഥലങ്ങളിലോ കെട്ടിടത്തിലോ പ്രവേശിക്കുവാനോ കെട്ടിടത്തിൽ അവകാശം ഉന്നയിക്കാനോ അർത്ഥ സംബന്ധമായ വല്ല ദഹണ്ണ ങ്ങളും ചെയ്യുവാനോ കെട്ടിടത്തിന് മെഷിനറികൾ കൊണ്ട് വല്ല കേടുപാടുകളും വല്ലതും വരുത്തുവാനോ കീഴ്വാടകക്ക് കൊടുക്കുവാനോ മറ്റു യാതൊന്നിനും തന്നെ 2-ാം പാർട്ടിക്ക് അവകാശം ഇല്ലാത്തതും ടി ക്ലിപ്ത കാലാവധിക്കകം 2-ാം പാർട്ടി ടി കെട്ടിടത്തിൽ നിന്നും 2-ാം പാർട്ടി ഒഴിയാതിരുന്നോ വാടക കുടിശ്ശിക വരുത്തിയിരുന്നോ 2-ാം പാർട്ടി നിമിത്തം 1-ാം പാർട്ടിക്ക് വല്ല നഷ്ടത്തിനും ഇട യായാൽ 2-ാം പാർട്ടിയും 2-ാംപാർട്ടി വക ഇതര സ്വത്തുക്കളും ഉത്തരവാദിയാ യിരിക്കുന്നതും അപ്രകാരം വസൂലാക്കിയെടുക്കുന്നതിന് 1-ാം പാർട്ടിക്ക് അധികാരവും അവകാശവും ഉണ്ടായിരിക്കുന്നതും മേൽ വിവരിച്ച വാടകയുടെ കൂടുതൽ ഉറപ്പിലേക്കായി അഡ്വാൻസായി 2-ാം പാർട്ടി 1-ാം പാർട്ടിയെ പലിശ കൂടാതെ മുമ്പിനാലേ റൊക്കമായി ഏൽപ്പിച്ച രൂപാ **50,000/-** ഈ രൂപാ അൻപ തിനായിരവും 1-ാം പാർട്ടി 2-ാം പാർട്ടിയിൽ നിന്നും റൊക്കം പറ്റി ബോദ്ധ്യം വന്നിട്ടുള്ളതിനാൽ വാടകയിൽ കുടിശ്ശിക ഉണ്ടായിരുന്നാലോ കെട്ടിടത്തിനോ മറ്റോ വരുന്ന നഷ്ടവും അഡ്വാൻസു സംഖ്യയിൽ നിന്നും 1-ാം പാർട്ടി തട്ടിക്കിഴിച്ചും വാടക കുടിശ്ശിക ഒന്നും തന്നെ വരുത്താതെ കെട്ടിടത്തിന് കേടുപാടുകളൊന്നും

**ഒന്നാം പാർട്ടി ഹമീദ്.പി.എസ്**

**രണ്ടാം പാർട്ടി സന്തോഷ്**

വരുത്താതെയും നിലവിലുള്ള പോലെ തന്നെ തിരികെ ഏൽപ്പിച്ച് 2–ാം പാർട്ടി ടി കെട്ടിടത്തിൽ നിന്നും ഒഴിഞ്ഞാൽ അഡ്വാൻസു സംഖ്യ 1–ാം പാർട്ടി പലിശ കൂടാതെ 2–ാം പാർട്ടിക്കു തിരികെ കൊടുത്തു കൊണ്ടും ഈ വാടക ഏർപാട് അവസാനിപ്പിക്കേണ്ടതുമാകുന്നു. ടി മുറിയിൽ അതാതു മാസങ്ങളിൽ വരുന്ന കറന്റ് ചാർജ്ജ്, വാട്ടർ ചാർജ്ജ് എന്നിവ ടി വാടകക്കും പുറമെ അതാതു സമയത്ത് തന്നെ 2–ാം പാർട്ടി അടച്ച് തീർത്ത് ലക്ഷ്യം 1–ാം പാർട്ടിയെ ഏൽപിക്കേണ്ടതും ആകുന്നു. ടി കാലാവധിക്കു മുൻപ് ടി കെട്ടിടത്തിൽ നിന്നും 2–ാം പാർട്ടിക്കു ഒഴിയണമെന്നോ 1–ാം പാർട്ടിക്കു 2–ാം പാർട്ടിയെ ഒഴുപ്പിക്കണമെന്നോ ആവശ്യം വന്നാൽ കാലാവധി പരിഗണിക്കാതെ ഒരു മാസം മുൻപേ തന്നെ രേഖാ മൂലം അന്യോന്യം അറിയിച്ച് ഈ ഏടപാട് അവസാനിപ്പിക്കേണ്ടതുമാകുന്നു. ടി കെട്ടിടത്തിൽ യാതോരു വിധ നിരോധിത വസ്തുക്കളും സ്റ്റോക്ക് ചെയ്യാൻ പാടില്ലാത്തതും ആകുന്നു. ടി കാലാവധിക്കു ശേഷം ഈ കരാർ തുടർന്നു കൊണ്ടു പോകണമെന്നുണ്ടെങ്കിൽ വാടകയിൽ അഞ്ചു ശതമാനം വർദ്ധനവ് 2–ാം പാർട്ടി വരുത്തേണ്ടതും ആകുന്നു. മേൽപ്രകാരമെല്ലാം പരസ്പരം സമ്മതിച്ചും നിശ്ചയിച്ചും ഈ കരാറിന്റെ ഫോട്ടോകോപ്പി 2–ാം പാർട്ടിയും ഒർജിനൽ 1–ാം പാർട്ടിയും എടുത്ത് താഴെ എഴുതുന്ന സാക്ഷികൾ കാണെ നമ്മളിതിൽ ഒപ്പിട്ടിരിക്കുന്നു.

എന്ന് ടി ഒന്നാം പാർട്ടി ഹമീദ്.പി.എസ്

രണ്ടാം പാർട്ടി സന്തോഷ്

സാക്ഷികൾ:1 Jincy Vinu Jincy NP
Kumalithundiyil (H) Appollo Road, Thammanam

2. Mohammed Shameem P.H
Pulikkaparambil (H) M.A Sajeev Road, Edappally P.O

ഇത് ഭാഗീകമായി കമ്പ്യൂട്ടർ പ്രിന്റാകുന്നു.

ഒന്നാം പാർട്ടി ഹമീദ്.പി.എസ്

രണ്ടാം പാർട്ടി സന്തോഷ്

| | | |
|---|---|---|
| Company Name | : | Santos King Tours & Travels |
| Proprietor | : | Santhosh Thayil Varghese |
| Year of Established | : | 2009 |
| Address | : | Pulickaparambil Building<br>Pookkattupadi Road<br>Toll Junction, Edappally,<br>Kochi, 683024 |
| Details of Premises | : | Commercial Building<br>50 mtrs from Toll Junction<br>Walk able Distance to Lullu Mall |
| Office Space | : | 500+ Sq Mtr<br>Toilet Facility<br>Easy Accessible<br>Parking Area |
| Municipality | : | Kalammassary |